## പുല്ലൂർ പെരിയ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ നടപടി ക്രമം

(ഹാജർ: ശ്രീ എം ഗംഗാധരൻ നായർ)

വിഷയം - പുല്ലൂർ പെരിയ ഗ്രാമപഞ്ചായത്ത്- പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം ( ഘകഎള്ള) -തുടർ നടപടികൾ - ജീവനക്കാരെ നിയോഗിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന- 1) ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 20/09/2017 ലെ ഘഅ/ഏലിലൃമഹ/2017 നമ്പർ കത്ത്

**<u>ഉത്തരവ് നമ്പർ എഫ്4/1173/17 തീയതി 25/09/2017</u>**

മേൽ സൂചന 1 അനുസരിച്ച് സമ്പൂർണ്ണ പാർപ്പിട സുരക്ഷ - ലൈഫ് പദ്ധതിയിൽ പൂർത്തീകരിക്കാത്ത വീടുകളുടെ തുടർ പ്രവർത്തനം നടത്തുന്നതിലേക്ക് ഗുണഭോക്താക്കളുടെ മുഴുവൻ വിവരങ്ങളും സർവ്വേ ചെയ്ത് ങകട യിൽ ഡാറ്റാ എൻട്രി ചെയ്യുന്നതിന് വി. ഇ. ഒ. മാരെ ചുമതലപ്പെടുത്തുന്നു.

ആവശ്യമായ വിവരങ്ങൾ വി. ഇ. ഒ. മാർ ബന്ധനപ്പെട്ട സർക്കിൾ പരിധിയിലെ പൂർത്തീകരിക്കാത്ത വീടുകളുടെ വിവരങ്ങൾ മേൽ സൂചന 1 പ്രകാരം ചെയ്തു തീർക്കുന്നതിന് ഇതിനാൽ ചുമതലപ്പെടുത്തുന്നു.

ഒപ്പ്/-

സെക്രട്ടറി

ഉത്തരവിൻ പ്രകാരം

ഹെഡ് ക്ലാർക്ക്

സ്വീകർത്താക്കൾ

1. ശ്രീ. ബൈജു. കെ, വി. ഇ. ഒ. പെരിയ സർക്കിൾ
2. ശ്രീ. അനീഷ് ടി, വി. ഇ. ഒ. പുല്ലൂർ സർക്കിൾ

ഉള്ളടക്കം : 1) ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 20/09/2017 ലെ ഘഅ/ഏലിലൃമഹ/2017 നമ്പർ കത്ത്

## പുല്ലൂർ പെരിയ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ നടപടി ക്രമം

(ഹാജർ: ശ്രീ എം. ഗംഗാധരൻ നായർ)

വിഷയം - പുല്ലൂർ - പെരിയ ഗ്രാമപഞ്ചായത്ത്- സമഗ്ര കേരള വികസനത്തിന് വേണ്ടി 5 വർഷം
കൊണ്ട് ജനപങ്കാളിത്തത്തോടെ പൂർത്തിയാക്കാനുദ്ദേശിക്കുന്ന സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതി ( ലൈഫ്) - കരട് പട്ടിക - അപ്പീൽ അപേക്ഷ പരിശോധന - ജീവനക്കാരെ നിയമിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന- 1) 07/08/2017 ലെ 6-ാം നമ്പർ തീരുമാനം
2) 26/07/2017 ലെ 28-ാം നമ്പർ പഞ്ചായത്ത് തീരുമാനം
3) 18/07/2017 ലെ കാസറഗോഡ് ജില്ലാ കളക്ടറുടെ ഡി. 417/17/പി.എ.യു./കെ. എസ്.ഡി നമ്പർ കത്ത്

**<u>ഉത്തരവ് നമ്പർ എഫ്4/1173/17 തീയതി 09/08/2017</u>**

മേൽ സൂചന 3 പ്രകാരം നൽകിയ സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതി ( ലൈഫ്) പുല്ലൂർ - പെരിയ ഗ്രാമപഞ്ചായത്ത് പിരിധിയിലെ ഭൂരഹിത - ഭവന രഹിതരുടെയും ഭൂമിയുള്ള ഭവന രഹിതരുടെയും കരട് ഗുണഭോക്തൃ പട്ടിക ലഭ്യമാക്കിയത് സൂചന 2 പഞ്ചായത്ത് തീരുമാനം അനുസരിച്ച് പ്രസിദ്ധീകരിച്ചത് 10/08/2017 വരെ ആക്ഷേപം സ്വീകരിച്ചുവരികയാണ്. ലഭ്യമായ ആക്ഷേപങ്ങളിൽ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ചുവടെ കാണിച്ച ജീവനക്കാരെ നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

| ക്ര. നം | ജീവനക്കാരന്റെ പേര് | വാർഡുകൾ |
|---|---|---|
| 1 | ശ്രീ. ജയരാജ്, ജെ.എച്ച്.ഐ, സി.എച്ച്.സി പെരിയ | 1 |
| 2 | ശ്രീമതി സരിത, ക്ലാർക്ക്, എൽ. എസ്. ജി. ഡി. വിഭാഗം, പുല്ലൂർ പെരിയ | 2 |
| 3 | ശ്രീ. ഹരിഹരൻ എ, സീനിയർ ക്ലാർക്ക്, പുല്ലൂർ - പെരിയ ഗ്രാമപഞ്ചായത്ത് | 3 |
| 4 | 1. ശ്രീ. മണി , എൽ.എസ്.ഐ, വെറ്ററിനറി ഡിസ്പെൻസറി പെരിയ<br>2. ശ്രീ. സാബു സി.പി. , എൽ.എസ്.ഐ, ഐ.സി.ഡി.പി. സബ്ബ് സെന്റർ, കാഞ്ഞിരടുക്കം പെരിയ | 4 |
| 5 | ശ്രീ. ഹരീഷ് ജെ.എച്ച്.ഐ, സി.എച്ച്.സി പെരിയ | 5 |
| 6 | 1. ശ്രീ. സുന്ദരൻ, ജെ. എച്ച്. ഐ,<br>2. ശ്രീമതി. അനിത , ജെ. പി. എച്ച്ൻ, | 6 |
| 7 | ശ്രീ. ഗംഗാധരൻ, ക്ലർക്ക്, പുല്ലൂർ-പെരിയ ഗ്രാമ പഞ്ചായത്ത് | 7 |
| 8 | ശ്രീ. പ്രസീത് കുമാർ, ക്ലർക്ക്, പുല്ലൂർ-പെരിയ ഗ്രാമ പഞ്ചായത്ത് | 8 |
| 9 | ശ്രീ. രാജീവൻ, ജെ.എച്ച്.ഐ, സി.എച്ച്.സി. പെരിയ | 9 |

| | | |
|---|---|---|
| 10 | ശ്രീ. അനീഷ് ടി, വില്ലേജ് എക്സറ്റൻഷൻ ഓഫീസർ, പുല്ലൂർ സർക്കിൾ | 10 |
| 11 | ശ്രീ. പ്രവീൺകുമാർ, ക്ലർക്ക്, പുല്ലൂർ-പെരിയ ഗ്രാമ പഞ്ചായത്ത് | 11 |
| 12 | ശ്രീമതി. ജിഷ കെ, ക്ലർക്ക്, പുല്ലൂർ-പെരിയ ഗ്രാമ പഞ്ചായത്ത് | 12 |
| 13 | ശ്രീമതി. സവിത, സീനിയർ ക്ലർക്ക്, പുല്ലൂർ-പെരിയ ഗ്രാമ പഞ്ചായത്ത് | 13 |
| 14 | ശ്രീമതി. സീമ ആർ, സീനിയർ ക്ലർക്ക്, പുല്ലൂർ-പെരിയ ഗ്രാമ പഞ്ചായത്ത് | 14 |
| 15 | ശ്രീ. അശോകൻ, ജെ.എച്ച്.ഐ, സി.എച്ച്.സി പെരിയ | 15 |
| 16 | ശ്രീ ബൈജു കെ, വില്ലേജ് എക്സറ്റൻഷൻ ഓഫീസർ, പെരിയ സർക്കിൾ | 16 |
| 17 | ശ്രീമതി. നിർമ്മല, കൃഷി അസിസ്റ്റന്റ്, കൃഷിഭവൻ, പെരിയ | 17 |

മേൽ ജീനക്കാർ പഞ്ചായത്ത് ഓഫീസിൽ നിന്നും 11/08/2017 മുതൽ അപേക്ഷകൾ സ്വീകരിച്ച് വാർഡ് തലത്തിൽ നേരിട്ട് അപേക്ഷകരുടെ വിവരങ്ങൾ പരിശോധിച്ച് ആയത് 16/08/2017 നകം പഞ്ചായത്ത് ആഫീസിൽ തിരിച്ചേല്പിക്കേണ്ടതാണെന്നും സ്ഥാപന മേധാവികൾ ടി ജീവനക്കാരെ ചുമതലപ്പെടുത്തിയ ജോലി പൂർത്തീകരിക്കുന്നതിന് വിടുതൽ ചെയ്യേണ്ടതാണെന്നും ഇതിനാൽ ഉത്തരവാകുന്നു. ആഗസ്ത് മാസം 12, 13, 15 എന്നീ അവധി ദിവസങ്ങളിൽ ടി ജോലി ചെയ്യുന്നതിന് വേണ്ടി ജീവനക്കാർ ഹാജരാവുകയാണെങ്കിൽ പ്രസ്തുത ദിവസങ്ങൾക്ക് പരിഹാരമായി ( ഈ്ാുലിമെദ്ര്യ ഘലമ്വല ) അവധി എടുക്കാവുന്നതും ആയത് സ്ഥാപനമേധാവികൾ അനുവദിക്കേണ്ടതുമാണെന്നും ഇതിനാൽ ഉത്തരവാകുന്നു.

അപേക്ഷകൾ പരിശോധിക്കുന്നതിന് ഗ്രാമപഞ്ചായത്ത് ആഫീസിലെ ജീവനക്കാരെയും ഘടക സ്ഥാപനത്തിങ്ങളിലെ ജീവനക്കാരെയും നിയോഗിക്കുന്നതിന് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിലെ 181-ാം വകുപ്പ് പ്രകാരമുള്ള അധികാരമുപയോഗിച്ച് സൂചന 1 അനുസരിച്ച് തീരുമാനിച്ചിട്ടുണ്ട്.

സെക്രട്ടറി

സ്വീകർത്താക്കൾ :

1. വ്യക്തികൾ ( സ്ഥാപന മേധാവി മുഖേന)
2. പ്രസിഡണ്ട് ( മേശപ്പുറം)
3. സെക്ഷൻ/ഫയൽ

## പുല്ലൂർ പെരിയ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ നടപടി ക്രമം

(ഹാജർ: ശ്രീ എം ഗംഗാധരൻ നായർ)

വിഷയം - പുല്ലൂർ പെരിയ ഗ്രാമപഞ്ചായത്ത്- സമഗ്ര കേരള വികസനത്തിന് വേണ്ടി 5 വർഷം കൊണ്ട് ജനപങ്കാളിത്തത്തോടെ പൂർത്തിയാക്കാനുദ്ദേശിക്കുന്ന സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതി ( ഘകഎഋ) - ജീവനക്കാർക്കുള്ള പരിശീലനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന- 1) 03/04/2017 ലെ കാസറഗോഡ് ജില്ലാ ദാരിദ്ര്യ ലഘൂകരണ പദ്ധതി പ്രോജക്ട് ഡയറക്ടറുടെ ഡി. 417/17/പി. എ. യു./ കെ. എസ്.ഡി. (1) നമ്പർ കത്ത്

2) 09/02/2017 ലെ 391/2017/തസ്വഭവ ( സാ. ധ.) സർക്കാർ ഉത്തരവ്

### <u>ഉത്തരവ് നമ്പർ എ2/1173/17 തീയതി 04/04/2017</u>

മേൽ സൂചന 2 അനുസരിച്ച് സമ്പൂർണ്ണ പാർപ്പിട സുരക്ഷ - ലൈഫ് പദ്ധതിയുടെ സർവ്വേ ചെയ്ത് ലഭിച്ച ഫോറങ്ങളിൽ 10% ഫോറങ്ങൾ മേൽ പരിശോധന നടത്തുന്നതിനായി വി. ഇ. ഒ. മാരെ ചുമതലപ്പെടുത്തിയിരിന്നു. സൂചന 1 അനുസരിച്ച് പരിശോധന നടത്തിയ ഉദ്യോഗസ്ഥർക്കുള്ള പരിശീലനം 06/04/2017 ന് ഉച്ചക്ക് ശേഷം 2 മണിക്ക് കാസറഗോഡ് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ വെച്ച് നടത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ 15/02/2017 ലെ ഇതേ നമ്പർ ഉത്തരവ് അനുസരിച്ച് മേൽ പരിശോധനക്കായി നിയോഗിച്ച വി. ഇ. ഒ. മാരായ 1. ശ്രീ. ബൈജു. കെ, 2. ശ്രീ. അനീഷ് ടി എന്നിവരെ 06/04/2017 ന് ഉച്ചക്ക് ശേഷം 2 മണിക്ക് കാസറഗോഡ് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ വെച്ച് നടത്തുന്ന പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതിന് ചുമതലപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു.

ഒപ്പ്/-

സെക്രട്ടറി

ഉത്തരവിൻ പ്രകാരം

അസി. സെക്രട്ടറി.

സ്വീകർത്താക്കൾ :

3. ശ്രീ. ബൈജു. കെ, വി. ഇ. ഒ. പെരിയ സർക്കിൾ
4. ശ്രീ. അനീഷ് ടി, വി. ഇ. ഒ. പുല്ലൂർ സർക്കിൾ